**<u>ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>**

**ഹാജർ : ശാലിനി ഗോപിനാഥ്**

ക്ഷീരവികസന വകുപ്പ് - ഡയറക്ടറേറ്റ് - തിരുവനന്തപുരം - ജീവനക്കാര്യം - വകുപ്പിലെ ഡ്രൈവർ തസ്തികകൾ സർക്കാർ ഉത്തരവിന് വിധേയമായി പുനർവിന്യസിച്ചും അതോടൊപ്പം വകുപ്പിലെ ഡ്രൈവർമാരെ, തസ്തികകൾ പുനർവിന്യസിക്കപ്പെടുന്ന കാര്യാലയങ്ങളിലേക്ക് സ്ഥലംമാറ്റി നിയമിച്ചും ഉടൻ പ്രാബല്യത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ക്ഷീരവികസന വകുപ്പ്

നം. DDDKER/564/2025-E1 (1) തിരുവനന്തപുരം, തീയതി : 02-10-2025

---

പരാമർശം:- 1. സ.ഉ. (അച്ചടി) നം. 85/2025/ധന., തീയതി : 04.07.2025.

2. ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 22.09.2025-ന് കൂടിയ യോഗ മിനിട്ട്സ് തീരുമാനം 2 & 6.

**<u>ഉത്തരവ്</u>**

മേൽപരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം വകുപ്പിലെ പല കാര്യാലയങ്ങളിലും വാഹനമുണ്ട്, ഡ്രൈവറില്ല എന്ന സാഹചര്യവും വാഹനമില്ല, എന്നാൽ ഡ്രൈവർ തസ്തികയും ഡ്രൈവറുമുണ്ട് എന്ന സാഹചര്യവും നിലനിൽക്കുന്നതിനാൽ ഡ്രൈവർ തസ്തികകളുടെ പുനർവിന്യാസം നടത്തുന്നതിലേക്കാവശ്യമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരം വകുപ്പിൽ നിലവിലുള്ള ഡ്രൈവർ തസ്തികകളെ ഫലപ്രദമായ രീതിയിൽ പുനർവിന്യാസം നടത്തുന്നതിന് വകുപ്പ് മേധാവികൾക്ക് അധികാരം നൽകിയിരുന്നു.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ വകുപ്പിലെ വാഹനങ്ങളുടെയും ഡ്രൈവർ തസ്തികകളുടെയും ജീവനക്കാരുടെയും പുനർവിന്യാസം ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഡ്രൈവർ തസ്തികകൾ, ഡ്രൈവർമാർ സഹിതം വകുപ്പിന്റെ മറ്റ് കാര്യാലയങ്ങളിലേക്ക് താഴെപ്പറയും പ്രകാരം പുനർവിന്യാസം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | നിലവിൽ ഡ്രൈവർ തസ്തികയുള്ള കാര്യാലയം | ഡ്രൈവറുടെ പേര്, തസ്തിക | തസ്തിക (ഡ്രൈവർ സഹിതം) പുനർവിന്യസിക്കുന്ന കാര്യാലയം | റിമാർക്സ് |
|---|---|---|---|---|
| 1 | സംസ്ഥാന തീറ്റപ്പുൽക്കൃഷി ഫാം, വലിയതുറ, തിരുവനന്തപുരം | ശ്രീ. നൗഷാദ് എസ്., ഡ്രൈവർ (ഗ്രേഡ് 1) (HDV) | കാസർഗോഡ് ജില്ലാ ഗുണനിയന്ത്രണ കാര്യാലയം. | സർക്കാർ ഉത്തരവ് പ്രകാരവും ഭരണസൗക-ര്യാർത്ഥവും |
| 2 | ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ വികസന പരിശീലന കേന്ദ്രം | ശ്രീ. അസീം എ. ഡ്രൈവർ, (ഗ്രേഡ് 2), (LDV) | തൃശ്ശൂർ ജില്ലാ ഗുണനിയന്ത്രണ കാര്യാലയം | സർക്കാർ ഉത്തരവ് പ്രകാരവും ഭരണസൗക-ര്യാർത്ഥവും |
| 3 | എറണാകുളം ജില്ലാ ഗുണനിയന്ത്രണ കാര്യാലയം | ശ്രീ. രോഹിത് മോഹൻ ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ് (ഗ്രേഡ് 2) (LDV) | വയനാട് ജില്ലാ ഗുണനിയന്ത്രണ കാര്യാലയം | സർക്കാർ ഉത്തരവ് പ്രകാരവും ഭരണസൗക-ര്യാർത്ഥവും |
| 4 | കോഴിക്കോട് ക്ഷീരപരിശീലന കേന്ദ്രം | ശ്രീ. പവിത്രൻ കെ. ഡ്രൈവർ (സീനിയർ ഗ്രേഡ്) (LDV) | ഗുണനിയന്ത്രണ കാര്യാലയം, കോഴിക്കോട് | സർക്കാർ ഉത്തരവ് പ്രകാരവും ഭരണസൗക-ര്യാർത്ഥവും |

ഡ്രൈവർമാരെ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും വിടുതൽ ചെയ്ത വിവരവും പുതിയ കാര്യാലയങ്ങളിൽ ജോലിയിൽ പ്രവേശിച്ച വിവരവും അടിയന്തിരമായി ഈ

കാര്യാലയത്തിലേക്ക് എത്രയും പെട്ടെന്ന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ടി ഉത്തരവ് ഉടൻ പ്രാബല്യത്തിൽ നടപ്പിലാക്കുവാനും നിർദ്ദേശിക്കുന്നു.

Signed by Salini Gopinath
Date: 02-10-2025 17:29:07

ഡയറക്ടർ

(PEN. 498485)

To:- ബന്ധപ്പെട്ട ജീവനക്കാർക്ക് (ഓഫീസ് മേലധികാരി മുഖേന).

പകർപ്പ് :-

1) ഡെപ്യൂട്ടി ഡയറക്ടർമാർ (14 ജില്ലാ കാര്യാലയങ്ങൾ).

2) ഗുണനിയന്ത്രണ ഓഫീസർമാർ (14 ജില്ലകൾ) (ഡി.ഡി. മുഖേന).

3) എല്ലാ പ്രിൻസിപ്പാൾമാർക്കും (ക്ഷീരപരിശീലന കേന്ദ്രങ്ങൾ)

4) അസിസ്റ്റന്റ് ഡയറക്ടർ/ഫാം ഹെഡ്, സംസ്ഥാന തീറ്റപ്പുൽക്കൃഷി ഫാം, വലിയതുറ, തിരുവനന്തപുരം.

5) ഡയറക്ടറുടെ മേശപ്പുറത്ത്.

6) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ മേശപ്പുറത്ത്.

7) ജോയിന്റ് ഡയറക്ടർമാർ (ജനറൽ, പ്ളാനിംഗ്).

8) ഈ കാര്യാലയത്തിലെ മറ്റ് ഓഫീസർമാർക്ക്.

9) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്.

10) ഈ കാര്യാലയത്തിലെ എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും.

11) ഡെയറി ഫാം ഇൻസ്ട്രക്ടർ, റ്റി.സി. ആന്റ് ഐ.ടി. സെൽ, ഡയറക്ടറേറ്റ് (ഉത്തരവ് വെബ്-സൈറ്റിൽ കൂട്ടിച്ചേർക്കുന്നതിന്).

12) ഈ കാര്യാലയത്തിലെ എല്ലാ സീറ്റുകൾക്കും.

13) നോട്ടീസ് ബോർഡ്.